PESQUISA–Vol.11, Issue-1, May2026 ISSN-2455-0736(P)
www.pesquisaonline.net ISSN-2456-4052(E)

# CYBER SPACE AND 'THE SKY ON MONDAYS' - A DESCRIPTIVE STUDY

## സൈബർ സ്പേസും 'തിങ്കളാഴ്ച്ചകളിലെ ആകാശവും' ഒരു വിശകലനാത്മക പഠനം

**Nimmy Kurian** [1]

| KEY WORDS | ABSTRACT |
|---|---|
| Cyber Space,<br>Virtual Reality,<br>Virtual World,<br>Language Litigation | The role of the media is crucial in the development and evolution of language and literature. By the 1990s, cyberspace and literature began to breeze in the linguistic and cultural landscapes. Since then, cyberspace has paved way for numerous innovative themes for Malayalam literature. The new atmosphere created by the internet has been realistically represented in various literary spheres including stories, poems, and novels. Today, there are many new-age spaces for cyber writing, including blogs, web magazines, Facebook, and WhatsApp. Sethu's story "The Sky on Mondays," written in 1997, marks the cultural movement that is created by cyberspace through the interplay of virtual reality and linguistic discourse. The story shows that in the hallucinatory atmosphere of the virtual world of cyberspace, space and time are cancelled and their scales are changed accordingly. Through the communication of the Ajayan-Urmila duo, the readers are brought to the heart of their shared concerns and insights about cyberspace. This essay is an investigation into the possibilities of the virtual reality in the story that is reached through these dialogue fragments, as well as the challenges they raise. |

[1] Assistant Professor of Malayalam Literature, Pavanatma College, Kerala

**സംഗ്രഹം**

ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസപരിണാമദശയിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. 1990 കളോടെ സൈബറിടവും സാഹിത്യവും ഭാഷാ – സാംസ്കാരിക മേഖലകളിൽ പുതിയ ചുവടുവയ്പ്പ് നടത്തി തുടങ്ങി. അക്കാലഘട്ടം മുതൽ മലയാള സാഹിത്യത്തിന് വിശാലവും പുതുമയാർന്നതുമായ ഒരു പ്രമേയലോകം സൈബറിടം തുറന്നു തന്നിട്ടു□ ്. കഥയിലും കവിതയിലും നോവലിമുൾപ്പെടെ സാഹിത്യസംബന്ധിയായ നാനാവശങ്ങളിലും ഇന്റർനെറ്റ് സൃഷ്ടിച്ച പുതിയ അന്തരീക്ഷവും യാഥാർത്ഥ്യവും കൃത്യമായി അവതരിപ്പിക്കപ്പെട്ടിട്ടു□ ്. ഇന്ന് ബ്ലോഗുകൾ, വെബ്മാഗസിനുകൾ, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങി സൈബർ രചനയുടെ പുതുകാല ഇടങ്ങൾ നിരവധിയാണ്.

1997 – ൽ രചിക്കപ്പെട്ട, സേതുവിന്റെ 'തിങ്കളാഴ്ച്ചകളിലെ ആകാശം' എന്ന കഥ സൈബറിടം നിർമ്മിക്കുന്ന പ്രതീതി യാഥാർത്ഥ്യവും (Virtual Reality) ഭാഷാവ്യവഹാരവും പരസ്പരൈക്യത്തിലൂടെ രൂപപ്പെടുന്ന സാംസ്കാരിക ചലനത്തെ അടയാളപ്പെടുത്തുന്നു. സൈബർ സ്പേസ് എന്ന മായാലോകത്തിന്റെ വിഭ്രാത്മകമായ അന്തരീക്ഷത്തിൽ സ്ഥലകാലങ്ങൾ റദ്ദാക്കപ്പെടുകയും അവയുടെ അളവുകോലുകൾ ആപേക്ഷികമായി മാറ്റപ്പെടുകയും ചെയ്യുന്നതായി കഥയിൽ നിന്ന് മനസ്സിലാക്കാം. അജയൻ ഊർമ്മിള ദ്വന്ദ്വങ്ങളുടെ ആശയവിനിമയത്തിലൂടെ അവർ പങ്കുവയ്ക്കുന്ന ആശങ്കകളും സൈബർ സ്പേസിനെക്കുറിച്ചുള്ള ആധികളും വായനക്കാർക്ക് മുന്നിലെത്തുന്നു. ഈ സംഭാഷണ ശകലങ്ങളിലൂടെ പരിണിതിയിലെത്തുന്ന കഥയിലെ പ്രതീതി യാഥാർത്ഥ്യത്തിന്റെ സാധ്യതകളെക്കുറിച്ചും അതോടൊപ്പം അവ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുമുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** സൈബറിടം, പ്രതീതി യാഥാർത്ഥ്യം, വെർച്വൽ വേൾഡ്, ഭാഷ വ്യവഹാരം

വില്യം ഗിസ്ബൺ എന്ന ശാസ്ത്ര നോവലിസ്റ്റാണ് സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ലോകത്തിലെ പരസ്പര ബന്ധിതമായ കമ്പ്യൂട്ടർ ശൃംഖലകൾ സൃഷ്ടിച്ച് നിലനിർത്തുന്ന ആഗോളസ്ഥലം എന്ന് സൈബർ സ്പേസിനെ സാമാന്യമായി വിശദീകരിക്കാം. ഇന്ത്യയിൽ ഇന്റർനെറ്റിന്റെ ആവിർഭാവം കുറിച്ച തൊണ്ണൂറുകളിൽ തന്നെ സൈബർ ലോകവും വെർചൽ വേൾഡും എഴുത്തുകാരെയും വായനക്കാരെയും ഒരേപോലെ അത്ഭുതപ്പെടുത്തുകയും ആസ്വാദനത്തിന്റെ പുതിയ തലങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്തു. അക്കാലഘട്ടം മുതൽ മലയാളസാഹിത്യത്തിന് വിശാലവും പുതുമയാർന്നതുമായ ഒരു പ്രമേയ പരിസരം സൈബറിടം തുറന്നു നൽകിയിട്ടു□ ്. സൈബറിടത്തിലെ സാഹിത്യം ഇന്ന് ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

സ്ഥലവും കാലവും അപ്രസക്തമാക്കപ്പെടുന്ന സൈബർ സ്പേസിൽ ഭൂതഭാവികളെക്കുറിച്ച് ആശങ്കപ്പെടുന്ന അജയൻ – ഊർമ്മിള ദ്വന്ദങ്ങളിലൂടെ യാണ് സേതുവിന്റെ 'തിങ്കളാഴ്ച്ചകളിലെ ആകാശം' എന്ന കഥ മുൻപോട്ടു പോകുന്നത്. സൈബറിടം നിർമ്മിക്കുന്ന പ്രതീതി യാഥാർത്ഥ്യവും ഭാഷാവ്യവഹാരവും തമ്മിലുള്ള പരസ്പരൈക്യത്തിലൂടെ രൂപപ്പെടുന്ന സാംസ്കാരിക ചലനത്തെ കഥ അടയാളപ്പെടുത്തുന്നു. സൈബർ സ്പേസ് എന്ന മായാലോകത്തിന്റെ വിഭ്രാത്മകമായ അന്തരീക്ഷത്തിൽ സ്ഥലകാലങ്ങൾ റദ്ദാക്കപ്പെടുകയും അവയുടെ അളവുകോലുകൾ ആപേക്ഷികമായി മാറ്റപ്പെടുകയും ചെയ്യുന്നതായി കഥയിൽ നിന്ന് മനസ്സിലാക്കാം. അജയന്റെയും ഊർമ്മിളയുടെയും ആശയവിനിമയത്തിലൂടെ അവർ പങ്കുവയ്ക്കുന്ന ആശങ്കകളും സൈബർ സ്പേസിനെക്കുറിച്ചുള്ള ആധികളും വായനക്കാർക്ക് മുന്നിലെത്തുന്നു.

ഒറ്റപ്പെട്ട തിങ്കളാഴ്ച്ചകളിൽ എട്ടുദിക്കുകളിലൊന്നിൽ നിന്ന് ഊർമ്മിളയുടെ വിളി വന്നപ്പോൾ അജയൻ ചൂ□ ുവിരൽ കൊ□ ് മേശപ്പുറത്തെ ഭൂഗോളത്തെ കറക്കികൊ□ ിരിക്കുകയായിരുന്നു. വൻകരകൾ, മഹാസമുദ്രങ്ങൾ, പീഠഭൂമി കൾ എന്നിവയൊക്കെ മുൻപോട്ടും പിറകോട്ടും തിരിക്കാൻ കഴിയുന്നു ഊർമ്മിള എന്ന് അജയൻ പറയുന്നു. ഒന്നായ കാലത്തെ എങ്ങനെ നിനക്ക് മൂന്നായി മുറിച്ചിടാൻ കഴിയുന്നു. ഒരു പകുത്തു വയ്ക്കലിനും വഴങ്ങില്ലല്ലോ കാലം എന്ന ഊർമ്മിളയുടെ ചോദ്യത്തിന്...... ഇത് നാം കല്പിച്ചു കൊടുക്കുന്ന

കാലം, മനസ്സിന്റെ കാലം സ്ഥലത്തിൽ നിന്നല്ലാതെ കർമ്മം കൊ□ ് സൂചിപ്പിക്കപ്പെടുന്ന അയഥാർത്ഥ കാലം ഇതിനെ നമ്മുക്ക് വേർതിരിക്കാനും ഇഴപിരിച്ചെടുക്കാനുമാകുന്നു ഊർമ്മിള എന്ന് അജയൻ പറയുന്നു.

വലിയൊരു ചില്ലുനിരയ്ക്കു മുമ്പിൽ കീബോർഡിന്റെ വെളുത്ത കട്ടകൾ അല്ലെങ്കിൽ ഒരു വെളുത്ത എലികുഞ്ഞ്. കട്ടകൾ അമരുമ്പോൾ എലികുഞ്ഞ് ഓടുമ്പോൾ എന്റെ മുന്നിൽ ഈ മഹാപ്രപഞ്ചത്തിലെ ഓരോ പൊട്ടും തരിയും തെളിഞ്ഞ് കിട്ടുന്നു. ഈ ബ്രഹ്മാണ്ഡമാകെ എന്റെ വിരൽതുമ്പിൽ തൊട്ടറിയാവുന്ന ഒരുപാട് അറിവുകളുടെ ശേഖരം. ബഹിരാകാശത്തിലൂടെ ഒരു സർഫിങ്. ഇപ്പോൾ ഇവിടെയിരുന്ന് കൈകൾ നീട്ടി, ചൂ□ ാണി വിരൽ നീട്ടി ഞാൻ ലോകത്തെയാകെ തൊടുകയാണല്ലോ (സേതു, 2012:100). ഇവിടെ സൈബർ സ്പേസ് നമ്മുക്ക് സങ്കല്പിക്കാനാവുന്ന സ്ഥലത്തിന്റെ അതിരുകൾ തകർത്ത മറ്റൊരു സ്ഥലമായി തീരുന്നു. അജയന്റെ ഈ പരാമർശങ്ങൾ സൈബർ സ്പേസ് പ്രദാനം ചെയ്യുന്ന നിരവധി സാധ്യതകളിലേയ്ക്കുള്ള വിരൽ ചൂ□ ലാണ്. എട്ടുദിക്കുകളിലൊന്നിൽ നിന്നു വരുന്ന ഊർമ്മിളയുടെ വിളിയും അവരുടെ സംഭാഷണവുമെല്ലാം ഈ സാധ്യതകളുടെ ഭാഗങ്ങൾ തന്നെ.

തിങ്കളാഴ്ച നോയമ്പ് മുടങ്ങാതെ നോൽക്കുകയും കൂവളത്തിലെ ദേവന് അർപ്പിക്കുകയും ചെയ്യുന്ന പാർവ്വതിയേടത്തിയെയും ഉപഗ്രഹങ്ങൾ വഴി ഈ ലോകത്തിന്റെ ര□ ു കോണുകളിലിരുന്ന് അവളുടെ നീക്കങ്ങൾ ശ്രദ്ധിച്ചു കൊ□ ിരിക്കുന്ന ര□ ുപേർ, യു എസ്സിലെ വിസ്കോൺസിൻ യൂണിവേഴ്സിറ്റിയിൽ മന്ത്രവാദം പഠിപ്പിക്കുന്ന ജഗലപ്രതാപൻ എന്ന കാപ്പിരിയെയും, ജർമ്മനിയിലെ കൊളോണിൽ ഒരു മെഡിക്കൽ സ്റ്റോറിൽ പണിയെടുക്കുന്ന മാർഗരറ്റ് എന്ന ലെസ്ബിയനെയും കുറിച്ചുള്ള പരാമർശങ്ങൾ കഥയുടെ ര□ ാമത്തെ തലമാണ്. ഭൂഖണ്ഡങ്ങളും മഹാസമുദ്രങ്ങളും താ□ ി പാർവ്വതിയേടത്തിയെ പൂകുക എന്ന അവരുടെ ആഗ്രഹം സൃഷ്ടിക്കുന്ന ഉദ്വേഗം വളരെ വലുതും. ഉപഗ്രഹങ്ങളുടെ കണ്ണുകളിലൂടെ നമ്മുടെ പച്ച വെടിപ്പും ചന്തവും ക□ ് ഭ്രമിച്ചുവശായി ഒരുപാടു പേർ പറന്നു വരുന്നു. പല കോണുകളിൽ നിന്നുമായി ആകാശത്തിൽ നിന്നുള്ള ഈ കണ്ണേറും ആക്രമണവും തടയാനായി നമ്മുടെ കന്യകമാർക്ക് അവരവരുടെ കൂവളങ്ങൾ മാത്രം എന്നാണ് കഥയിൽ പരാമർശിക്കുന്നത്.

ISSN-2455-0736(P)
ISSN-2456-4052(E)

സൈബർ സ്പേസിലെ ഒരു ബിന്ദുവിൽ നിന്ന് മറ്റൊരു ബിന്ദുവിലേക്ക് ഒട്ടും ദൂരമില്ലാതിരിക്കേ വെളുത്ത കട്ടകളുടെ മുമ്പിൽ വിടർന്ന കണ്ണുകളോടെ ഇരിക്കുന്ന കുട്ടി ഈ പ്രപഞ്ചത്തെ ആകെയാണല്ലോ തൊടുന്നത്. അപ്പോൾ ആ കിരാതന്റെ വിരൽതുമ്പിലേക്ക് ഇരച്ചുകയറുന്ന ശക്തിക്ക് ഏഴ് ലോകങ്ങളെയും കീഴ്പ്പെടുത്താനുള്ള കരുത്തു കിട്ടുന്നു. നോക്കൂ ഊർമ്മിള അവിടെ പ്രാദേശികമായ സ്ഥലം എന്നൊന്ന് ഇല്ലാതാകുന്നു. കാലം ഒരു പ്രഹേളികയാകുന്നു. കാരണം സൈബർ സ്പേസ് എന്ന മായാലോകത്തിൽ ഒരേ സമയം നീ അവിടെയും ഇവിടെയും എവിടെയും ആകുന്നു. അപ്പോൾ നിന്റെ മനസ്സിന്റെ കാലത്തെ അളക്കാനും വന്നേക്കാം റിമോട്ട് സെൻസറിങ് ഉപകരണങ്ങൾ. ഒരോരുത്തനും അവന്റേതായ അതിരുകളില്ലാത്ത ആകാശം അവനവന്റെ കൈപ്പിടിയിലൊതുങ്ങുന്ന കാലം (സേതു, 2012:102,103).

തിങ്കളാഴ്ച്ച വ്രതത്തിന്റെ സംരക്ഷണ വലയത്തിൽ പാർവ്വതിയേടത്തി തുടരുമ്പോൾ വ്രതശുദ്ധിയുടെ രക്ഷാവലയമില്ലാതെ വൻകരകളുടെ മൂലയിൽ നിന്നും മറ്റേതോ ഉപഗ്രഹം വഴി മറ്റേതോ കോങ്കണ്ണൻ മഹാമന്ത്രവാദിയുടെ ചരിഞ്ഞ നോട്ടം ഊർമ്മിളയിൽ എത്തുന്നത് കഥാന്ത്യത്തിൽ അജയനോടൊപ്പം വായനക്കാരും ഞെട്ടലോടെ തിരിച്ചറിയുകയാണ്. ഉണ്മയ്ക്കും പൊയ്യിനുമിടയ്ക്കുള്ള നേർത്ത അതിർ വരമ്പിൽ, വഴുക്കലുള്ള വരവിൽ നിന്ന് സൈബർ സ്പേസിന്റെ നിലയില്ലാക്കയങ്ങളിലേക്ക് പതിക്കുന്ന ഊർമ്മിളയിലൂടെ കഥ അവസാനിക്കുന്നു. സൈബർ മന്ത്രവാദം, പ്രണയം, ഭ്രമാത്മകത ഇവയെല്ലാം ചേർന്ന നിഗൂഢമായൊരു ലോകമാണ് കഥ മുന്നോട്ടു വയ്ക്കുന്നത്.

നവലോകത്തിന്റെ പ്രതിനിധികളായി അജയനും ഊർമ്മിളയും നിലകൊള്ളുമ്പോഴും അവരുടെ വാക്കുകളിൽ നിറയുന്നത് ആധിയാണ്. പാരമ്പര്യത്തിന്റെ പ്രൗഢശോഭയേന്തി കടന്നു വരുന്ന പാർവ്വതിയേട്ടത്തിയും അവർ നോക്കുന്ന തിങ്കളാഴ്ച്ചവ്രതവും വായനക്കാരനെ പാരമ്പര്യത്തിന്റെ കണ്ണിയിലേയ്ക്ക് വിളക്കി ചേർക്കാൻ ശ്രമിക്കുന്നതായി മനസ്സിലാക്കാം. കഥയുടെ കേന്ദ്രബിന്ദുവായ പ്രതീതിയാഥാർത്ഥ്യം കഥയുടെ ആഖ്യാനത്തെ ബലപ്പെടുത്തിയിരിക്കുന്നു. മനുഷ്യന്റെ അന്യവൽക്കരണമാണ് സൈബറിടങ്ങളിൽ നടക്കുന്നതെന്ന കാഴ്ച്ചപ്പാട് ഈ കഥയിലും തെളിഞ്ഞു നിൽക്കുന്നു. സാഹിത്യം സംസ്കാരത്തെയും ജീവിതത്തെയും

പ്രതിഫലിപ്പിക്കുന്നതിനുള്ള മാധ്യമമാണ് എന്നതിൽ തന്നെ സൈബർ സംസ്കാരവും ഉചിതമായ സാംസ്കാരിക പരിണാമം എന്ന നിലയിൽ സാഹിത്യത്തിലും പ്രസ്തുത കഥയിലും അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നു പറയാം. ആധുനിക മനുഷ്യന്റെ സ്വകാര്യതയെ ഒരു പരിധിവരെ ഹനിക്കാൻ ശേഷിയുള്ള സൈബറിടത്തിന്റെ അത്തരം സ്വഭാവത്തെ 1997 – ൽ രചിച്ച ഈ കഥയിൽ സേതു എന്ന കഥാകൃത്ത് ക്രാന്തദർശത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു. കിരാതനായും, കോങ്കണ്ണൻ മന്ത്രവാദിയുടെ ചരിഞ്ഞുനോട്ടമായും സൈബർ സ്പേസിന്റെ ഇടപെടലുകളെ കഥാകൃത്ത് വീക്ഷിക്കുന്നു. സമകാലിനാവസ്ഥയിൽ ഈ വിശേഷണങ്ങൾ എത്രമാത്രം യോജിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാൻ ഇന്നിന്റെ പ്രതിനിധികളായ നമ്മുക്ക് ര□ ാമതൊരു ചിന്തയുടെ ആവശ്യമില്ല.

**<u>ഗ്രന്ഥസൂചി</u>**

സേതു, 2012. എന്റെ പ്രിയപ്പെട്ട കഥകൾ. കോട്ടയം : ഡി. സി ബുക്സ്.

കരിങ്ങോല, സജി, ഡോ. (എഡി.) 2020. സൈബറിടവും മലയാളഭാവനയും. കോഴിക്കോട് : പാവനാത്മാ പബ്ലിഷേഴ്സ്.

ടി. വി. സുനീത, (എഡി.) 2013. സൈബർ മലയാളം. തൃശൂർ : കറന്റ് ബുക്സ്.

## REFERENCES

Akbar, 2012. Selected Stories. Kottayam: D. C. Books.

Karinkola, Saji, Dr. (Ed.) 2020. Cyberspace and Malayalam Imagination. Kozhikode: Pavanatma Publishers.

T. V. Suneetha, (Ed.) 2013. Cyber Malayalam. Thrissur: Current Books.